ഭൂമി വീണ്ടെടുക്കൽ

117 [1340] ശ്രീ. എം. പി. ഗംഗാധരൻ:
,, ടി. യു. രാധാകൃഷ്ണൻ:
ശ്രീമതി ശോഭനാ ജോർജ്:
ശ്രീ. പി. ടി. തോമസ്:
,, എം. എം. ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൻ ദേവൻ ഹിൽ (ഭൂമി വീണ്ടെടുക്കൽ) നിയമപ്രകാരം എത്ര ഹെക്ടർ ഭൂമി ഗവൺമെന്റിൽ നിക്ഷിപ്തമായിരുന്നു.

(ബി) ഈ ഭൂമിയുടെ ഒരു ഭാഗം ടാറ്റാ ടീ എസ്റ്റേറ്റിന് വിറ്റിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത വിൽപ്പന കോടതി അസാധുവാക്കിയോ;

(ഡി) ഇപ്പോൾ ഈ ഭൂമി വിൽക്കുവാൻ ടാറ്റാ ടീ എസ്റ്റേറ്റ് ശ്രമിക്കുന്നുണ്ടോ; എങ്കിൽ വിൽപ്പന തടയാൻ നടപടി എടുക്കുമോ?

ഉത്തരം

(എ) & (ഡി) വിവരം ശേഖരിച്ചുവരുന്നു.

ഇടുക്കി ജില്ലയിലെ റവന്യൂ—വനഭൂമി കൈയ്യേറ്റം

118 [1341] ശ്രീ. പി. ടി. തോമസ്:
,, എ. സുജനപാൽ:
ശ്രീമതി ശോഭനാ ജോർജ്:
ശ്രീ. എം. എം. ഹസ്സൻ:
,, ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലയിലെ മൂന്നാർ, വാഗമൺ, ഇടുക്കി എന്നിവിടങ്ങളിൽ 31-12-2004-ലെ കണക്കനുസരിച്ച് എത്ര പേർ റവന്യൂ-വനഭൂമികളിൽ കയ്യേറ്റം നടത്തിയിട്ടുണ്ട്;

(ബി) എത്ര ഹെക്ടർ ഭൂമി ഇവിടങ്ങളിൽ കയ്യേറ്റവിധേയമായിട്ടുണ്ട്;

(സി) ഈ കയ്യേറ്റക്കാരെ ഒഴിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മൂന്നാറിൽ 30-ഉം, വാഗമണ്ണിൽ 4-ഉം കയ്യേറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഇടുക്കി വില്ലേജിലെ റവന്യൂ ഭൂമിയിൽ കയ്യേറ്റം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മൂന്നാറിലെ മുപ്പതു കേസ്സുകളിലായി 93 ഏക്കറും വാഗമണ്ണിലെ 4 കേസ്സുകളിലായി 8 ഏക്കറും കയ്യേറിയിട്ടുണ്ട്.

(സി) വാഗമണ്ണിലെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുണ്ട്. മൂന്നാറിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ചുവരുന്നു.

പുനലൂർ പേപ്പർമിൽ കോമ്പൗണ്ടിലെ കുടുംബങ്ങൾക്ക് പട്ടയം

119 [1342] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ പേപ്പർമിൽ മാനേജ്മെന്റിന് മില്ലിന്റെ ആവശ്യത്തിലേക്കായി എത്ര ഏക്കർ ഭൂമിയാണ് സർക്കാർ നൽകിയിട്ടുള്ളത്; ഭൂമി നൽകിയ കരാറിലെ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പേപ്പർമിൽ കോമ്പൗണ്ടിൽ ഇപ്പോൾ എത്ര കുടുംബങ്ങൾ സ്ഥിരമായി താമസിക്കുന്നുണ്ട്; ഇവയിൽ ഏതെങ്കിലും കുടുംബങ്ങൾക്ക് പട്ടയം നൽകിയിട്ടുണ്ടോ;

(സി) പട്ടയം ലഭിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ഡി) ഇവർക്ക് പട്ടയം നൽകുന്നതിന് എന്തെങ്കിലും നിയമ തടസ്സം ഉണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) പേപ്പർ മില്ലിന് നൽകിയ ഭൂമിക്ക് ഇപ്പോൾ എന്തെങ്കിലും ബാദ്ധ്യത വരുത്തിയിട്ടുണ്ടോ;

(എഫ്) ഇവിടെ താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പുനലൂർ പേപ്പർ മില്ലിന് അയക്കെട്ട് പതിവിൽപ്പെട്ട പുനലൂർ വില്ലേജിലെ 2080-ാം നമ്പർ തണ്ടപ്പേർ പ്രകാരം 160 ഏക്കർ 48 ¼ സെന്റ് സ്ഥലവും വിളക്കുടി വില്ലേജിലെ 3984, 4636, 5196, 10070, 13613 എന്നീ തണ്ടപ്പേരുകളായി 60 ഏക്കർ 17 ½ സെന്റ് സ്ഥലവും ചേർത്ത് 220 ഏക്കർ 65 ¾ സെന്റ് സ്ഥലം ഉള്ളതാണ്.

(ബി) ഏകദേശം 305 കുടുംബങ്ങൾ താമസിച്ചുവരുന്നു. ആർക്കും പട്ടയം നൽകിയിട്ടില്ല.

(സി) പട്ടയത്തിനായി 215 പേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly